## അറിയിപ്പ്

അന്താരാഷ്ട്ര മ്യൂസിയം ദിനത്തോടനുബന്ധിച്ച് കേരള നിയമസഭാ മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ ഓൺലൈനായി സംഘടിപ്പിക്കുന്ന ഉപന്യാസ രചനാ മത്സരത്തിന്റെ എൻട്രികൾ സമർപ്പിക്കേണ്ട അവസാന തീയതി 05.06.2026 വരെ ദീർഘിപ്പിച്ചിരിക്കുന്നു. സ്കൂൾ തലത്തിൽ 8 മുതൽ 12 ക്ലാസ്സുവരെ "വിദ്യാഭ്യാസ രംഗത്ത് മ്യൂസിയങ്ങളുടെ സ്വാധീനം" എന്ന വിഷയത്തിലും കോളേജ് തലത്തിൽ (ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾക്ക്) "വിഭജിത ലോകത്തെ ഒന്നിപ്പിക്കുന്ന മ്യൂസിയങ്ങൾ" എന്ന വിഷയത്തിലുമാണ് ഉപന്യാസ രചനാ മത്സരം സംഘടിപ്പിക്കുന്നത്. A4 പേപ്പറിൽ ടൈപ്പ് ചെയ്ത 1500 വാക്കിൽ കവിയാത്ത ഉപന്യാസം സ്കൂൾ/കോളേജ്, Head Master/Principal മാരുടെ ആമുഖ കത്തോടുകൂടി museum@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിൽ 05.06.2026-ന് മുമ്പായി മത്സരാർത്ഥികൾ ലഭ്യമാക്കേണ്ടതാണ്. മത്സരത്തിൽ വിജയികളാകുന്ന ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് (ഇരു വിഭാഗത്തിലുമുള്ള) യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റും നൽകുന്നതായിരിക്കും. നിബന്ധനകൾ ഉൾപ്പെടെ വിശദമായ വിവരങ്ങൾക്ക് www.niyamasabha.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Sheena Sivadas
JOINT SECRETARY

## നിബന്ധനകൾ

- ഉപന്യാസം പൂർണ്ണമായും മലയാളത്തിൽ ആയിരിക്കണം.
- ഉപന്യാസം A4 പേപ്പറിൽ ടൈപ്പ് ചെയ്തതും 1500 വാക്കിൽ കവിയാൻ പാടില്ലാത്തതുമാകുന്നു.
- Headmaster/Principal മാരുടെ ആമുഖ കത്തോടുകൂടിയുള്ള സൃഷ്ടികൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
- museum@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിൽ 05.06.2026 ന് മുൻപായി മത്സരാർത്ഥികൾ അപേക്ഷകൾ ലഭ്യമാക്കേണ്ടതാണ്.
- വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഉപന്യാസം സ്വന്തം ആശയത്തിലുള്ളതും ഇതിനു മുമ്പ് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതും ആയിരിക്കണം. ഉപന്യാസം മറ്റൊരിടത്തുനിന്ന് കോപ്പി ചെയ്തത് ആയിരിക്കരുത്.
- വിഷയത്തിൽ നിന്നും വ്യതിയാനം വരാൻ പാടുള്ളതല്ല.
- സ്കൂൾ തലത്തിൽ 8 മുതൽ 12 ക്ലാസുവരെയും കോളേജ് തലത്തിൽ ഡിഗ്രി, പി.ജി. വരെയുമുള്ള വിദ്യാർത്ഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം
- ഇതുമായി ബന്ധപ്പെട്ട് നിയമസഭാ സെക്രട്ടേറിയറ്റിന്റെ തീരുമാനം അന്തിമമായിരിക്കും.

Sheena Sivadas
JOINT SECRETARY